**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2237 — 18-07-2016 -ൽ മറുപടിക്ക്

**കടൽക്ഷോഭം പ്രകൃതിദുരന്തമായി പരിഗണിക്കാൻ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | കടൽക്ഷോഭം പ്രകൃതിദുരന്തമായി പരിഗണിച്ചിട്ടുണ്ടോ; | എ) | കടൽക്ഷോഭം മൂലമുള്ള തീരശോഷണം സംസ്ഥാനതല പ്രകൃതി ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | കടൽക്ഷോഭം മൂലം മത്സ്യബന്ധന യാനങ്ങളും അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെടുന്നവർക്കു സർക്കാർ നഷ്ട പരിഹാരം നൽകാറുണ്ടോ; | ബി) | കടൽക്ഷോഭം മൂലം മത്സ്യബന്ധന യാനങ്ങളും അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെടുന്ന വർക്ക് റവന്യൂ വകുപ്പിൽ നിന്ന് ആശ്വാസ ധനസഹായം നൽകി വരുന്നു. ഇത് 23.07.2015-ലെ സ.ഉ.(കൈ) നം.343/2015/ ഡി.എം.ഡി. പ്രകാരം പൂർണ്ണമായും തകർന്ന മത്സ്യബന്ധന വള്ളങ്ങൾക്ക് 9600/- രൂപയും ഭാഗികമായി തകർന്ന മത്സ്യബന്ധന വള്ളങ്ങൾക്ക് 4100/- രൂപയും പൂർണ്ണമായി നാശനഷ്ടം നേരിട്ട വലകൾക്ക് 2600/- രൂപയും ഭാഗികമായി നാശനഷ്ടം നേരിട്ട വലകൾക്ക് 2100/- രൂപയും നൽകി വരുന്നു. മത്സ്യഫെഡ് നൽകുന്ന വായ്പ പദ്ധതികൾ പ്രകാരം നൽകിവരുന്ന മത്സ്യബന്ധന ഉപകരണങ്ങൾ കടൽക്ഷോഭത്തിൽ നഷ്ടപ്പെട്ടാൽ, 'മത്സ്യ ഫെഡ് ഉപകരണ സുരക്ഷ പദ്ധതി' പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. |
| സി) | കടുത്ത കടലാക്രമണത്തിൽ വസ്തുവകകൾ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ പദ്ധതികളുണ്ടോ; ആയത് സംബന്ധിച്ച് നിലവിലുള്ള പദ്ധതികളെന്തെല്ലാം വിശദമാക്കുമോ; | സി) | കടലാക്രമണത്തിൽ വസ്തു വകകൾ നഷ്ടപ്പെട്ട ന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ വ്യവസ്ഥയില്ല. 23.07.2015ലെ സ.ഉ.(കൈ) നം.343/2015/ഡി.എം.ഡി. പ്രകാരം തീരശോ ഷണത്തിൽ വസ്തുവകകൾ നഷ്ടപ്പെടുന്നവർക്ക് ആശ്വാസ ധനസഹായം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ കടലാക്രമണം മൂലം ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പി ക്കുന്നതിന് 25 കോടി രൂപ 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

(മറുപുറം)

| | | | |
|---|---|---|---|
| ഡി) | കടൽക്ഷോഭം പ്രകൃതി ദുരന്തമായി പരിഗണിച്ച് ഇരകളാകുന്ന തീരനിവാസികൾക്ക് ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | കടൽക്ഷോഭത്തിലുണ്ടാകുന്ന തീരശോഷണം സംസ്ഥാന തല ദുരന്തമായി അംഗീകരിച്ച് 23.07.2015ലെ സ.ഉ.(കൈ) നം.343/2015/ ഡി.എം.ഡി. ഉത്തരവ് പ്രകാരം 01.04.2015 മുതൽ മുൻകാല പ്രാബല്യം വെച്ച് ധനസഹായം അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്